(ബി) എങ്കിൽ എത്ര റൂട്ടുകളിൽ;

(സി) എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തിരുനെല്ലിയിൽ നിന്ന് ജില്ലാ ആസ്ഥാനങ്ങളിലേക്ക് ബസ്സ് സർവ്വീസ്

71 [2108] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിതൃതർപ്പണം നടത്തുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്നവരുടെ സൗകര്യാർത്ഥം തിരുനെല്ലിയെ സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളുമായി കെ. എസ്. ആർ. ടി. സി. ബസ്സ് മുഖേന ബന്ധിപ്പിച്ചിട്ടുണ്ട് എന്ന് പറയാമോ ;

(ബി) വയനാട് ജില്ലാ ആസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ബസ്സ് മുഖേന തിരുനെല്ലിയുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം എത്ര ട്രിപ്പുകൾ വയനാട് ജില്ലാ ആസ്ഥാനത്ത് നിന്നും തിരുനെല്ലിയിലേക്ക് ഓടിക്കുന്നുണ്ട്;

(സി) വയനാട് ജില്ലാ ആസ്ഥാനത്തുനിന്നും തിരുനെല്ലിയിലേക്കുള്ള കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുമോ;

(ഡി) പിതൃതർപ്പണത്തിന് സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ നിന്ന് തിരുനെല്ലിയിലെത്തുന്നവർക്ക് കോഴിക്കോട്ടെത്തി, ട്രെയിനിൽ പോകാനുള്ള സൗകര്യത്തിന് രാവിലെ പത്തുമണിക്കും, ഉച്ചയ്ക്ക് ഒരു മണിക്കും ഉച്ചതിരിഞ്ഞ് അഞ്ചു മണിക്കും തിരുനെല്ലിയിൽ നിന്നും കോഴിക്കോട്ടേക്ക് കെ. എസ്. ആർ. ടി. സിയുടെ ഓരോ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലാ ആസ്ഥാനത്തുനിന്നും, തിരുനെല്ലിയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുനെല്ലിയെ സംസ്ഥാനത്തിന്റെ ജില്ലാ തലസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി നിലവിൽ സർവ്വീസുകൾ നടത്തുന്നില്ല. വേണ്ടത്ര യാത്രക്കാർ ഇല്ലാത്തതിനാലാണ് എല്ലാ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും തിരുനെല്ലിയുമായി ബന്ധപ്പെടുത്തി കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) പിതൃതർപ്പണ ദിവസങ്ങളിൽ യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്ത് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഡി) ഈ നിർദ്ദേശം തൽക്കാലം പരിഗണനയിൽ ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

റാന്നി കേന്ദ്രമാക്കി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

72 [2109] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ ഏതൊക്കെയാണ് ;

(ബി) റാന്നി താലൂക്കിലെ വാഹന ഉടമകൾ ഇപ്പോൾ വാഹന സംബന്ധമായ ആവശ്യങ്ങൾക്കായി എത് ആഫീസിനെയാണ് ആശ്രയിച്ചുവരുന്നത്;

(സി) റാന്നിയുടെ കിഴക്കൻ മലയോര മേഖലയിലെ ആളുകൾക്ക് വാഹന സംബന്ധമായ ആവശ്യങ്ങൾക്കായി 65 മുതൽ 100 കി. മീ. വരെ സഞ്ചരിക്കേണ്ടിവരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ റാന്നി കേന്ദ്രമാക്കി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹോസ്ദുർഗ്, തലശ്ശേരി, തളിപ്പറമ്പ്, നോർത്ത് വയനാട്, സുൽത്താൻ ബത്തേരി, കൊയിലാണ്ടി, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ഇരിങ്ങാലക്കുട, ഗുരുവായൂർ, കോതമംഗലം, പെരുമ്പാവൂർ, ആലുവ, തൃപ്പൂണിത്തുറ, പറവൂർ, മട്ടാഞ്ചേരി, ഉടുമ്പൻചോല, പീരുമേട്, മൂന്നാർ, വൈക്കം, കാഞ്ഞിരപ്പള്ളി, പാല, ചങ്ങനാശ്ശേരി, ചേർത്തല, മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം, മല്ലപ്പള്ളി, തിരുവല്ല, അടൂർ, റാന്നി, കൊട്ടാരക്കര, പുനലൂർ, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ എന്നീ താലൂക്ക് ആസ്ഥാനങ്ങളിലാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്തത്.

(ബി) പത്തനംതിട്ട ആർ. ടി. ഓഫീസ്.

(സി) ഉണ്ട്.

(ഡി) റാന്നിയിൽ സബ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly